ഇന്നത്തെ ഫുട്ബാൾ ലൈവ്

ഐ ലീഗ്
ഡൽഹി Vs ബംഗളൂരു
വൈകിട്ട് 5.30 മുതൽ
ബ്ലാസ്റ്റേഴ്സ് Vs മുംബയ്
രാത്രി 8 മുതൽ
സ്റ്റാർ സ്പോർട്സ് എച്ച്.ഡി 2, എ സ്.ഡി 2

ഏഷ്യാനെറ്റ് ന്യൂസ്

ലാലിഗ
ലെവാന്റെ Vs സെൽറ്റ വിഗോ
വൈകിട്ട് 4.25 മുതൽ
അലാവസ് Vs സെവിയ്യ
രാത്രി 8.40 മുതൽ

എസ്പാന്യോൾ Vs ബിൽബാവോ
രാത്രി 10.55 മുതൽ
സോസിഡാഡ് Vs ബാഴ്സലോണ
രാത്രി 1.10 മുതൽ
ഡോണ്ണിടെൺ 2, എച്ച്.ഡി, എ സ്.ഡി

www.keralakaumudi.com www.facebook.com/keralakaumudi

സെഞ്ചുറി നേടിയ ന്യൂസിലൻഡിന്റെ ഫിൻ അലന്റെ ബാറ്റിംഗ്

ചാമ്പ്യൻമാരെ വീഴ്ത്തി ആതിഥേയർ

■അണ്ടർ 19 ഏകദിന ലോകകപ്പ്: ന്യൂസിലൻഡിനും അഫ്ഗാനിസ്ഥാനും ബംഗ്ലാദേശിനും സിംബാബ്വെയ്ക്കും ജയം

മൗണ്ട്മൗൺഗനൂയി (ന്യൂസിലൻഡ്): അണ്ടർ 19 ഏകദിന ലോകകപ്പ് ക്രിക്കറ്റിന് ഇന്നലെ ന്യൂസിലൻഡിൽ തുടക്കമായി. ഉദ്ഘാടനദിനം നടന്ന മത്സരങ്ങളിൽ ആതിഥേയരായ ന്യൂസിലൻഡ് അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, സിംബാബ്വെ ടീമുകൾ ജയിച്ചു കയറി. ഗ്രൂപ്പ് എയിലെ മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരെന്ന പെരുമയുമായെത്തിയ വെസ്റ്റിൻഡീസിനെ 8 വിക്കറ്റിനാണ് ന്യൂസിലൻഡ് തകർത്തത്. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ വെസ്റ്റിൻഡീസ് 50 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 233 റൺസെടുത്തു. മറുപടിക്കിറങ്ങിയ ന്യൂസിലൻഡ് സെഞ്ചുറിയുമായി പുറത്താകാതെ നിന്ന ഫിൻ അലന്റെ (115) പിൻബലത്തിൽ 39.3 ഓവറിൽ 2 വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി വിജയലക്ഷ്യത്തിലെത്തുകയായിരുന്നു (234/2). ഓപ്പണർ ജേക്കബ് ഭുല (83) അർദ്ധ സെഞ്ചുറി നേടി. നേരത്തേ വെസ്റ്റിൻഡീസിനായി ഓപ്പണർമാരായ കീഗൻ സിമ്മോൺസും (പുറത്താകാതെ 92), കിമാനി മെലിയസും (78) അർദ്ധ സെഞ്ചുറി നേടിയിരുന്നു. ന്യൂസിലൻഡിനായി ഫിഷർ, രവീന്ദ്ര എന്നിവർ മൂന്ന് വിക്കറ്റ് വീതം വീഴ്ത്തി. ഗ്രൂപ്പ്ബിയിലെ മത്സരത്തിൽ സിംബാബ്വെ 10 വിക്കറ്റിന് പാപ്പുവ ന്യൂഗിനിയയെ വീഴ്ത്തി. ആദ്യം ബാറ്റ് ചെയ്ത് പാപ്പുവ ന്യൂഗിനിയ 95 റൺസിന് ആൾ ഔട്ടായി. മറുപടിക്കിറങ്ങിയ സിംബാബ്വെ 14 ഓവറിൽ വിക്കറ്റൊന്നും നഷ്ടപ്പെടുത്താതെ വിജയ ലക്ഷ്യത്തിലെത്തി (98/0). ഗ്രൂപ്പ് സിയിൽ മഴമൂലം 20 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ ബംഗ്ലാദേശ് നമീബിയയെ 87 റൺസിനാണ് തോൽപ്പിച്ചത്. സ്കോർ: ബംഗ്ലാദേശ് 190/4 (20 ഓവർ), നമീബിയ 103/6 (20 ഓവർ). ഗ്രൂപ്പ് ഡിയിൽ അയൽക്കാർ തമ്മിലുള്ള പോരാട്ടത്തിൽ അഫ്ഗാനിസ്ഥാൻ 5 വിക്കറ്റിന് പാകിസ്ഥാനെ കീഴടക്കി. സ്കോർ: പാകിസ്ഥാൻ 188/10 (47.4 ഓവർ), അഫ്ഗാനിസ്ഥാൻ 194/5 (47.3 ഓവർ). ഇന്ത്യ ഇന്ന് തങ്ങളുടെ ആദ്യമത്സരത്തിൽ ആസ്ട്രേലിയയെ നേരിടും.

ആശ്വാസം അശ്വിൻ

സെഞ്ചൂറിയൻ: ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം ടെസ്റ്റിന്റെ ഒന്നാം ദിനം ഇരുടീമുകൾക്കും സുഖ, ദുഃഖ സമ്മിശ്രം. ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്കയ്ക്ക് മികച്ച തുടക്കം ലഭിച്ചെങ്കിലും അവസാന സെക്ഷനുകളിൽ അടുപ്പിച്ച് വിക്കറ്റ് നഷ്ടമായത് അവരെ പ്രതിസന്ധിയിലാക്കി. പേസിന് അനുകൂലമായ പിച്ചിൽ മൂന്ന് വിക്കറ്റെടുത്ത സ്പിന്നർ ആർ.അശ്വിനാണ് ഒന്നാം ദിനം പ്രതിസന്ധിയിൽ ഇന്ത്യയുടെരക്ഷയ്ക്കെത്തിയത്.ഇന്നലെസ്റ്റുമ്പെടുക്കുമ്പോൾ 269/6 എന്ന നിലയിലാണ് ദക്ഷിണാഫ്രിക്ക. 24 റൺസുമായി നായകൻ ഫാഫ് ഡുപ്ലെസിസും 10 റൺസുമായി കേശവ് മഹാരാജുമാണ് സ്റ്റമ്പെടുക്കുമ്പോൾ ക്രീസിൽ.

ഓപ്പണർമാരായ ഡേവിഡ് എൽഗാറും (31), എയ്ഡൻ മർക്രമും ചേർന്ന് മികച്ച തുടക്കമാണ് ദക്ഷിണാഫ്രിക്കയ്ക്ക് നൽകിയത്. ഇരുവരും ഒന്നാം വിക്കറ്റിൽ 85 റൺസ് കൂട്ടിച്ചേർത്തു. പേസർമാർ പതറിയയിടത്ത് അഞ്ചാം ചേഞ്ച്ബൗളറായെത്തിയ അശ്വിനാണ് എൽഗാറിനെ വിജയ്യുടെ കൈയിൽ എത്തിച്ച്കൂട്ടകെട്ട് പൊളിച്ചത്. എന്നാൽ പകരമെത്തിയ ഹഷിം അംല (82) മർക്രമിനൊപ്പം ചേർന്ന് പ്രശ്നമില്ലാതെ ദക്ഷിണാഫ്രിക്കൻ സ്കോർ ബോർഡ് ചലിപ്പിച്ചു. സെഞ്ചുറിക്ക് 6 റൺസ് അകലെ വച്ച് മർക്രമിനെ പാർത്ഥിവിന്റെ കൈയിൽ എത്തിച്ച് അശ്വിൻ വീണ്ടും ഇന്ത്യയ്ക്ക് ബ്രേക്ക് ത്രൂ നൽകി. പകരംക്രീസിലെത്തിയഡിവില്ലിയേഴ്സ്(20) ഇശാന്തിന്റെ പന്തിൽ ബൗൾഡായപ്പോൾ നന്നായി ബാറ്റ് ചെയ്തകയായിരുന്ന അംലയെ പാണ്ഡ്യ റണ്ണൗട്ടാക്കി. പിന്നീട് പ്രധ്യരായി ഡികോക്കും ഫിലാണ്ടറും അടുത്തടുത്ത് മടങ്ങിയതാണ് ആതിഥേയർക്ക് തിരിച്ചടിയായത്. മുന്നു മാറ്റങ്ങളുമായാണ് ഇന്ത്യ ഇറങ്ങിയത്. ധവാന് പകരം രാഹുലും ഭുവനേശ്വറിന് പകരം ഇഷാന്തും സാഹയ്ക്ക് പകരം പാർത്ഥിവും ടീമിൽ ഇടംപിടിച്ചു. തോൾ സ്റ്റെയിന് പകരം ലുങ്കി എൻഗിഡിദക്ഷിണാഫ്രിക്കൻ ടീമിൽ സ്ഥാനം നേടി.

രോഹിത്ത് ശർമ്മയും അശ്വിനും വിക്കറ്റാഘോഷത്തിൽ

സ്കോർ ബോർഡ്

ദക്ഷിണാഫ്രിക്ക : ഒന്നാം ഇന്നിംഗ്സ് : എൽഗാർ സി വിജയ് ബി അശ്വിൻ 31, മർക്രാം ഡി പാർത്ഥിവ് ബി അശ്വിൻ 94, അംല റണ്ണൗട്ട് പാണ്ഡ്യ 82, ഡിവില്ലിയേഴ്സ് ബി ഇശാന്ത് 20, ഡുപ്ലെസിസ് നോട്ടൗട്ട് 24. ഡികോക്ക് സി കൊഹ്ലി ബി അശ്വിൻ 0, ഫിലാണ്ടർ റണ്ണൗട്ട് 0, മഹാരാജ് നോട്ടൗട്ട് 10. എക്സ്ട്രാസ് 8

ആകെ 90 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 269.

വിക്കറ്റ് വീഴ്ച : 1-85, 2-148, 3-199, 4-246, 5-250, 6-251.

ഒന്നാം ദിനം ഓർമ്മിക്കാൻ

- 94 - റൺസെടുത്ത മാർക്രം ആണ് ഒന്നാംദിനം ദക്ഷിണാഫ്രിക്കയുടെ ടോപ്സ്കോറർ.
- 1-ാം വിക്കറ്റിൽ മാർക്രവും എൽഗാറും 85 റൺസ് കൂട്ടിച്ചേർത്തു.
- 3 - വിക്കറ്റെടുത്ത അശ്വിനാണ് ഇന്ത്യൻ ബൗളർമാരിൽ തിളങ്ങിയത്.

ഭുവിയെയും ധവാനെയും ഒഴിവാക്കിയതിനെതിരെ വ്യാപക പ്രതിഷേധം

സെഞ്ചൂറിയൻ : ദക്ഷിണാഫ്രിക്കയ്ക്കെതിരായരണ്ടാംടെസ്റ്റിനുള്ളഇന്ത്യൻ ടീമിന്റെ സെലക്ഷനെ ചോദ്യം ചെയ്ത് മുൻ താരങ്ങളുൾപടെയുള്ള നിരവധി പേർ രംഗത്തെത്തി.

മുൻ ഇന്ത്യൻ നായകൻ സുനിൽ ഗാവസ്കർ കടുത്ത ഭാഷയിലാണ് വിമർശിച്ചത്. ഭുവനേശ്വർ കുമാറിനെ പകരം ഇശാന്ത് ശർമ്മയെയും ശിഖർ ധവാന് പകരം കെ.എൽ. രാഹുലിനെയും അവസാന ഇലവനിൽ ഉൾപ്പെടുത്തിയതാണ് ഗാവസ്കറെ ചൊടിപ്പിച്ചത്. ധവാൻ ഇന്ത്യൻ ടീമിലെ ബലിയാടാണെന്നും ഒരൊറ്റ ഇന്നിംഗ്സിൽ പരാജയപ്പെട്ടാൽ പിന്നെ അദ്ദേഹം പുറത്തായിരിക്കുമെന്നും ഗാവസ്കർ അഭിപ്രായപ്പെട്ടു. ഭുവനേശ്വറിന് പകരം ഇശാന്തിനെ ടീമിലെടുത്തത് എന്തിനാണെന്ന് മനസിലായില്ലെന്ന് അഭിപ്രായപ്പെട്ട ഗാവസ്കർ ആദ്യ ടെസ്റ്റിന്റെ ആദ്യദിനം ആദ്യ മൂന്നോവറിലും വിക്കറ്റ് നേടിയ ഭുവനേശ്വറിനെ ഒഴിവാക്കിയതിൽ യാതൊരു ന്യായീകരണവുമില്ലെന്നും പറഞ്ഞു. ഇഷാന്തിനെ കളിപ്പിക്കണമായിരുന്നെങ്കിൽ ഷാമിയെയോ ബുംരയെയോ പുറത്തിരുത്തുന്നതായിരുന്നു ഉചിതമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിങ്ങൾ തമാശപറയുകയാണോ എന്നായിരുന്നു ഭുവിയെ ഒഴിവാക്കിയതിനെക്കുറിച്ച് ദക്ഷിണാഫ്രിക്കൻ പേസ് ഇതിഹാസം അലൻ ഡൊണാൾഡിന്റെ ട്വീറ്റ്.

ഭുവിയെ ഒഴിവാക്കിയതു തന്നെ അളന്നുതൂക്കിയെന്നും ബാറ്റുകൊണ്ടും ബാളുകൊണ്ടും കേപ്ടൗണിൽ തിളങ്ങിയ ഭുവിലെ ഒഴിവാക്കിയതെന്തിനാണെന്നും ലക്ഷ്മൺ ചോദിച്ചു. സെഞ്ചൂറിയനിൽ പ്രകടനം മോശമായാൽ അടുത്ത മത്സരത്തിൽ നിന്ന് കൊഹ്ലി സ്വയം ഒഴിവാകണമെന്നായിരുന്നു വിരേന്ദർ സെവാഗിന്റെ പ്രതികരണം.

മുൻതാരങ്ങളായ വിനോദ് കാംബ്ലി, ആർ. പി. സിംഗ് എന്നിവരെല്ലാം ഭുവിയെ ഒഴിവാക്കിയതിനെതിരെ ട്വിറ്റ് ചെയ്തു.

സെഞ്ചൂറിയനിലെ പിച്ച് സ്വിംഗിനെക്കാൾ ബൗൺസിനെ തുണയ്ക്കുന്നതാണെന്നതിനാൽഭുവിയെക്കാൾ അനുയോജ്യൻ ഇഷാന്താണെന്നും പറഞ്ഞാണ് ഇന്ത്യൻ നായകൻ വിരാട് കൊഹ്ലി ഭുവിയെ ഒഴിവാക്കിയത്.

ഐ.എസ്.എല്ലിൽ ചെന്നൈയിൻ-പൂനെ മത്സരത്തിൽ നിന്ന്

ചെന്നൈയിൻ ഒന്നാമത്

ചെന്നൈ: ഐ. എസ്.എല്ലിൽ ഇന്നലെ നടന്ന മത്സരത്തിൽ പൂനെ സിറ്റി എഫ്.സിയെ 1-0ത്തിന് കീഴടക്കി ചെന്നൈയിൻ എഫ്.സി പോയിന്റ് ടേബിളിൽ ഒന്നാമതെത്തി. സ്വന്തം തട്ടകത്തിൽ 83-ാം മിനിറ്റിൽ ഗ്രിഗറി നെൽസണാണ് ചെന്നൈയിനിന്റെ വിജയ ഗോൾ നേടിയത്.

റയലിന് തോൽവി

മാഡ്രിഡ്: സ്പാനിഷ് ലാലിഗയിൽ സൂപ്പർ ക്ലബ് റയൽ മാഡ്രിഡിന് ഞെട്ടിക്കുന്ന തോൽവി. ഇന്നലെ സ്വന്തം തട്ടകമായ സാന്റിയാഗോ ബർണബ്യൂവിൽ നടന്ന മത്സരത്തിൽ വിയ്യാറയലാണ് റയലിനെ അട്ടിമറിച്ചത്. മത്സരത്തിന്റെ 87-ാം മിനിറ്റിൽ പാബ്ലോ ഫോർനൽസാണ് വിയ്യാറയലിന്റെ വിജയഗോൾ നേടിയത്. റയലിനെതിരെ കഴിഞ്ഞ 18 മത്സരങ്ങളിൽ വിയ്യാറയലിന്റെ ആദ്യ ജയമാണിത്. റൊണാൾഡോയും ബെയ്ലും ഇസ്കോയും മോഡ്രിച്ചമെല്ലാം കിണഞ്ഞു പരിശ്രമിച്ചെങ്കിലും വിയ്യാറയലിന്റെ വലയിൽ പന്തെത്തിക്കാനായില്ല. മത്സരം സമനിലയിൽ അവസാനിക്കുമെന്ന് കരുതിയിരിക്കെയാണ് റീബൗണ്ട് പിടിച്ചെടുത്ത് ഫോർനൽസ് വിയ്യാറയലിന്റെ വിജയമുറപ്പിച്ച ഗോൾ നേടിയത്.

17 മത്സരങ്ങളിൽ നിന്ന് 42 പോയിന്റുമായി നിലവിലെ ചാമ്പ്യൻമാരായ റയൽ ഇപ്പോൾ നാലാം സ്ഥാനത്താണ്. 18 മത്സരങ്ങളിൽ നിന്ന് 48 പോയിന്റുമായി ബാഴ്സലോണഒന്നാംസ്ഥാനത്ത് തുടരുകയാണ്. ടീമിന്റെ മോശം ഫോമിന്റെ പേരിൽ പഴികേൾക്കുന്ന കോച്ച് സിനദിൻ സിദാന് ഈ തോൽവി തിരിച്ചടിയാണ്.

പാകിസ്ഥാന്റെ ബോൾട്ടിളക്കി ബൗൾട്ട്

ന്യൂസിലൻഡിനെതിരായ മൂന്നാം ഏകദിനത്തിൽ പാകിസ്ഥാൻ 74 റൺസിന് ആൾഔട്ട്, 183 റൺസിന്റെ തോൽവി

ദുനെഡിൻ: ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയിലെ മൂന്നാം മത്സരത്തിൽ പാകിസ്ഥാന് 183 റൺസിന്റെ നാണംകെട്ട തോൽവി. ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡുയർത്തിയ 258 റൺസിന്റെ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ പാകിസ്ഥാൻ 27.2 ഓവറിൽ 74 റൺസിന് ആൾ ഔട്ടായുകയായിരുന്നു.

പാകിസ്ഥാന്റെ ഏറ്റവും ചെറിയ രണ്ടാമത്തെ ഏകദിന ടോട്ടൽ ആണിത്. കേപ്ടൗണിൽ വിൻഡീസിനെതിരെ നേടിയ 43 റൺസാണ് പാകിസ്ഥാന്റെ ഏറ്റവും കുറഞ്ഞ ഏകദിന സ്കോർ. ഇതോടെ ആദ്യത്തെ മൂന്ന് കളിയും ജയിച്ച ന്യൂസിലൻഡ് 3-0ത്തിന് പരമ്പരയും സ്വന്തമാക്കി. സ്കോർ: ന്യൂസിലൻഡ് 257/10 (50 ഓവർ), പാകിസ്ഥാൻ 74/10 (27.2 ഓവർ)

ദുനെഡിൻ വേദിയായ മൂന്നാം ഏകദിനത്തിൽ അഞ്ച് വിക്കറ്റുമായി കളം നിറഞ്ഞ കിവി പേസർ ടെൻഡ് ബൗൾട്ടാണ് പാകിസ്ഥാനെ തകർത്തത്. ആദ്യ അഞ്ച് ഓവർ സ്പെല്ലിൽ നാല് റൺസ് മാത്രം വിട്ടുകൊടുത്ത് മൂന്ന് വിക്കറ്റുകളാണ് ബൗൾട്ട് സ്വന്തമാക്കിയത്. അസ്ഹർ അലി (0), ഫഖർ സമാൻ (2), മുഹമ്മദ് ഹഫീസ് (0) എന്നിവരുടെ വിക്കറ്റുകൾ വീണതോടെ 3/2എന്ന നിലയിലായി പാകിസ്ഥാൻ. ഇവരെക്കൂടാതെ വാലറ്റക്കാരായ മുഹമ്മദ് ആമീറും (14) റുമ്മാൻ റയീസും (16) ബൗൾട്ടിന് വിക്കറ്റ് സമ്മാനിച്ച് കൂടാരം കയറി.

ട്രെൻഡ് ബൗൾട്ടിനെ അഭിനന്ദിക്കാൻ ഓടിയെത്തുന്ന ഗപ്ടിലും ലതാമും

16 റൺസെടുത്ത ലാസ്റ്റ്മാൻ റുമ്മൻ റയീസാണ് പാകിസ്ഥാന്റെടോപ്സ്കോറർ. 7.2 ഓവറിൽ 1 മെയ്ഡനുൾപ്പെടെ 17 റൺസ് മാത്രം നൽകിയാണ് ബൗൾട്ട് 5 വിക്കറ്റ് വീഴ്ത്തിയത്. കോളിൻ മുൺറോ, ലോക്കി ഫെർഗൂസൻ എന്നിവർ രണ്ട് വിക്കറ്റ് വീതം വീഴ്ത്തി.

ഒരു ഘട്ടത്തിൽ പാകിസ്ഥാൻ 35/8 എന്ന നിലയിലായിരുന്നു. സിംബാബ്വെയുടെ പേരിലുള്ള ഏറ്റവും കുറഞ്ഞ സ്കോറിന്റെ റെക്കാഡ് പാകിസ്ഥാന്റെ പേരിൽ തിരുത്തിക്കുറിക്കപ്പെടുമോയെന്ന് പോലും ആശങ്ക പടർന്നിരുന്നു. എന്നാൽ പിന്നീട് തട്ടിയും മുട്ടിയും അവർ 74 റൺസിലെത്തുകയായിരുന്നു.

നേരത്തേ ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ന്യൂസിലൻഡ് 257 റൺസാണ് അടിച്ചെടുത്തത്. കെയിൻ വില്ല്യംസണും (73) റോസ് ടെയ്ലറും(52) നേടിയ അർദ്ധ സെഞ്ചുറികളാണ് കിവി ഇന്നിംഗ്സിന്റെ നെടുംതൂണായത്. റുമ്മൻ റയീസും ഹസൻ അലിയും പാകിസ്ഥാനായി മൂന്ന് വിക്കറ്റ് വീതം വീഴ്ത്തി.

സുമനസുകളുടെ കനിവ് കാത്ത് മുൻ സൈക്ലിംഗ് താരം

തിരുവനന്തപുരം : തൊണ്ണൂറുകളിലെ ഇന്ത്യൻ സൈക്ലിംഗിലെ മിന്നും താരവും ദേശീയ ചാമ്പ്യനമായ റോഷിൻ സി. സൂര്യ ഇരുവൃക്കകളും തകരാറിലായി ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ വൃക്കദാനത്തിന് ആരെങ്കിലും എത്തുമെന്ന പ്രതീക്ഷയിൽ കഴിയുന്നു.

തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന റോഷിന് വൃക്കമാറ്റിവയ്ക്കുകയല്ലാതെമറ്റ് പോംവഴികൾ ഒന്നുമില്ലെന്നാണ് ഡോക്ടർമാർ വിധിയെഴുതിയിരിക്കുന്നത്. പ്രായം ചെന്ന മാതാപിതാക്കൾ രോഗികളാണ്. സഹോദരനും രോഗിയാണ് അതിനാൽ ചേരുന്ന മറ്റാരുടെയെങ്കിലും വൃക്കയ്ക്കായി കാത്തിരിക്കുകയാണ് റോഷിൻ.

ഒന്നിടവിട്ട ദിവസങ്ങളിൽ റോഷിന് ഡയാലിസിസ് ചെയ്യേണ്ടതായുണ്ട്. ഒരു ഡയാലിസിസിന് 1800 രൂപയാണ് ചെലവ്. വൃക്കയുടെ തകരാറുകൾക്കൊപ്പം ഹൃദയത്തിലും ചില പ്രശ്നങ്ങൾ ഉണ്ട്. എത്രയും വേഗം വൃക്കമാറ്റിവയ്ക്കാനായാൽ മാത്രമേ റോഷിന് ജീവിതത്തിലേക്ക് തിരികെ വരാനാകൂ. അതിനായി കനിവുള്ളവരുടെ കരുണയ്ക്കായി കാത്തിരിക്കുകയാണ് റോഷിനും കുടുംബവും.

റോഷിന്റെ പഴയകാല ചിത്രം

തിരുവനന്തപുരം സ്വദേശിയായ റോഷിൻ എൽ. എൻ. സി. പി. ഇയിലെ ആദ്യകാല സൈക്ലിംഗ് താരമാണ്. 1991ൽ സബ്ജൂനിയറിലും 1992ൽ ജൂനിയർ വിഭാഗത്തിലും വിവിധ ഇനങ്ങളിൽ സംസ്ഥാന ചാമ്പ്യനായിരുന്നു. 1993, 1994 വർഷങ്ങളിൽ അന്തർസർവകലാശാല ചാമ്പ്യനായ റോഷിൻ 1995 ൽ ദേശീയ ചാമ്പ്യനമായി.

ശ്രീകാര്യത്ത് താമസിക്കുകയായിരുന്ന റോഷിനും കുടുംബവും ചികിത്സയ്ക്കായി പട്ടത്തേക്ക് മാറുകയായിരുന്നു. ഇടർച്ചയായുള്ള ചികിത്സകൾ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി താളംതെറ്റിച്ചു.

എട്ടാം ക്ലാസിൽ പഠിക്കുന്ന അക്വിലിനും രണ്ടാം ക്ലാസിൽ പഠിക്കുന്ന ഇയാനും അമ്മ ഉടൻ സുഖമായി വീട്ടിലേക്ക് തിരിച്ചെത്തുന്നതും പ്രതീക്ഷിച്ച് പ്രാർത്ഥനയോടെ കാത്തിരിക്കുകയാണ്. റോഷിന്റെ ഫോൺ നമ്പർ : 9495803352.

വിജയത്തുടർച്ചയ്ക്ക് ബ്ലാസ്റ്റേഴ്സ്

മുംബയ്: ഇന്ത്യൻ സൂപ്പർ ലീഗ് ഫുട് ബാളിൽ സീസണിന്റെ രണ്ടാം പാദത്തിൽ തങ്ങളുടെ ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് മുംബയ് സിറ്റി എഫ്.സിയെ നേരിടും. മുംബയുടെ തട്ടകമായ മുംബയ് ഫുട് ബാൾ അരീനയിൽ രാത്രി 8 മുതലാണ് മത്സരം.

കൊച്ചിയിൽ നടന്ന ആദ്യ പാദത്തിൽ ഇരുടീമുകളും 1-1ന സമനില പാലിച്ചിരുന്നു.

കഴിഞ്ഞ മത്സരത്തിൽ പ്ലേമേക്കർ ഇയാൻ ഹ്യൂമിന്റെ തകർപ്പൻ ഹാടിക്കിന്റെയും പുത്തൻ കോച്ച് ഡേവിഡ് ജയിംസിന്റെ തന്ത്രങ്ങളുടെയും മികവിൽ ഡൽഹി ഡയനാമോസിനെ 3-1ന് തകർക്കാനായതിന്റെ ആത്മ വിശ്വാസത്തിലാണ് ബ്ലാസ്റ്റേഴ്സ് മുംബയ്ക്കെതിരെ ഇറങ്ങുന്നത്.

ജയിംസിന്റെ കീഴിൽ ഈസീസണിൽ തോൽവി വഴങ്ങിയിട്ടില്ല എന്നതും ബ്ലാസ്റ്റേഴ്സിന്റെ ആത്മവിശ്വാസം കൂട്ടുന്നു.

മറുവശത്ത് കഴിഞ്ഞ മൂന്ന മത്സരങ്ങളിൽ മുംബയ്ക്കും തോൽവി അറിയേണ്ടിവന്നിട്ടി ല്ല. നോർത്ത് ഈസ്റ്റിനെതിരെ 2-0നും ഡൽഹി ഡയനാമോസിനെതിരെ 4-0നും ജയിച്ച അവർ കഴിഞ്ഞ മത്സരത്തിൽ ജാംഷഡ്പൂരിനെതിരെ 2-2ന സമനില പങ്കിട്ടു.ആദ്യ പാദത്തിൽ നേരിട്ടേറ്റ കേരള ബ്ലാസ്റ്റേഴ്സിനെ അല്ല രണ്ടാം പാദത്തിൽ നേരിടേണ്ടതെന്നും ബ്ലാസ്റ്റേഴ്സ് വളരെ മാറിയെന്നും മുംബയ് കോച്ച് അലക് സാന്ദ്രെ ഗ്രയിമറെസ് പറഞ്ഞു. അവരുടെ പുതിയ കോച്ച് എല്ലാം മാറ്റിമറിച്ചു. ഡൽഹിക്കെതിരെ വളരെ നിർണായക ഗെയിമിലാണ് അവർ ജയിച്ചത്, ആ ജയം അവരെ വളരെ സജീവമാക്കിയിട്ടുണ്ട്. അത് ഞങ്ങൾക്ക് നൽകുന്ന മുന്നറിയിപ്പുകൂടിയാണ്. - ഗ്രയിമറെസ് പറഞ്ഞു. ബ്ലാസ്റ്റേഴ്സ് ടീമിൽ എത്തിയ പുതിയ കളിക്കാരൻ കെസിറോൺ കെസിറ്റോയെയും ഗ്രയിമറെസ് പ്രത്യേകം എടുത്തു പറഞ്ഞു. നിലവിൽ മുംബയ് സിറ്റി എഫ്.സി ഒൻപത് മത്സരങ്ങളിൽ നിന്ന് 14 പോയിന്റോടെ അഞ്ചാം സ്ഥാനത്താണ്. കേരള ബ്ലാസ്റ്റേഴ്സ് ഒൻപത് മത്സരങ്ങളിൽ നിന്ന് 11 പോയിന്റോടെ എഴാം സ്ഥാനത്തും.

മുംബയ്ക്ക് ജാംഷഡ്പൂരിനെതിരായ മത്സരത്തിനു ശേഷം നീണ്ട വിശ്രമം ലഭിച്ചിരുന്നു. അത് അവർക്കു നേട്ടമായെന്ന് കേരള ബ്ലാസ്റ്റേഴ്സ് പരിശീലകൻ ഡേവിഡ് ജയിംസ് പറഞ്ഞു. ഡൽഹിയേക്കാൾ വളരെ വ്യത്യസ്തമായ ടീമാണ് മുംബയ് എന്നും ഇതൊരു വെല്ലുവിളി ആയിരിക്കുമെന്നും ജയിംസ് കൂട്ടിച്ചേർത്തു.

മലയാളികൾ എറെയുള്ള മുംബയിലെ ഫുട് ബോൾ അരീനയിൽ സ്വന്തം ഗ്രൗണ്ടിൽ കളിക്കുന്ന അനുഭവം ആയിരിക്കും കേരള ബ്ലാസ്റ്റേഴ്സിനു ഇന്ന് ലഭിക്കുക. അതേപോലെ ഈ സീസൺ മുഴുവനും ഈ മികച്ച അന്തരീക്ഷം കേരള ബ്ലാസ്റ്റേഴ്സിനു കാത്തു സൂക്ഷിക്കേണ്ടതുണ്ട്.

കേരളബ്ലാസ്റ്റേഴ്സ്ടീംപരിശീലനത്തിൽ

റോൾബാൾ അസോസിയേഷൻ കൊല്ലത്തു സംഘടിപ്പിച്ച സംസ്ഥാന റോൾബാൾ ചാമ്പ്യൻഷിപ്പിൽ ആലപ്പുഴയും പാലക്കാടും ഏറ്റുമുട്ടുന്നു ഫോട്ടോ: ജ്യോതിരാജ്.എൻ.എസ്